കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# മുരിയാട് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2015-2016

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ
e-mail:dotsr.ksad@kerala.gov.in

<u>(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)</u>

നം .കെ.എസ്.എ.ടി.എസ്.ആർ(പി 3)1734/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

PIN 680 020 Ph. No. .0487 2331249.

e-mail . dotsr.ksad@kerala.gov.in
തിയതി:22.11.2016

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന),
മുരിയാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മുരിയാട് ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുരിയാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ

ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)സംസ്ഥാനഓഡിറ്റ് വകുപ്പ്ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ (ഉപരിപത്രം സഹിതം)

3)കാര്യാലയ പകർപ്പ്

നം .കെ.എസ്.എ.ടി.എസ്.ആർ(പി 3)1734/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

PIN 680 020 Ph. No. .0487 2331249.

e-mail . dotsr.ksad@kerala.gov.in

തിയതി:22.11.2016

## തൃശ്ശൂർ ജില്ലയിലെ മുരിയാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ

ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ മുരിയാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 21.10.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് എന്നിവയും 2015-16 ലെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകളും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 9 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. കെ.യു ചേക്കുട്ടി,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22.10.2016 മുതൽ<br>31 .10.2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.റസീയ ബീവി.ജെ<br>ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ബേബി .പി.വി,<br>അസി.ഓഡിറ്റ് ഓഫീസർ |

| | |
|---|---|
| | ശ്രീ. സ്റ്റാൻലി പി.എസ്<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി.സോന.കെ.സത്യൻ, ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

പ്രസിഡണ്ട്

ശ്രീ.എം.ബി. രാഘവൻ മാസ്റ്റർ 01.04.15. മുതൽ 31.10.15.വരെ
01.11.15 മുതൽ 18.11.15 വരെ ഭരണ നിർവ്വഹണ കമ്മിറ്റി

ശ്രീമതി.സരള വിക്രമൻ 19.11.15. മുതൽ 31.03.16. വരെ.

സെക്രട്ടറി

ശ്രീ. പി.എസ്.വൽസൻ. -1.4.15.മുതൽ. 23.7.15.വരെ

ശ്രീ.പി.ആർ.ഉല്ലാസ് -24.7.15 മുതൽ 31.3.16

നിർവ്വഹണ ഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | കാലയളവ് |
|---|---|---|
| ശ്രീമതി.റിസാമോൾ സൈമൺ | കൃഷി ഓഫിസർ | 1.4.15to 31.3.16 |
| ഡോ.റീനാ മാത്യു | മെഡിക്കൽ ഓഫിസർ ഹോമിയോ | 1.4.15to 31.3.16 |

| | | |
|---|---|---|
| ഡോ.എൻ.എസ്.രേഖ | മെഡിക്കൽ ഓഫിസർ ആയുർവേദം | 1.4.15to 31.3.16 |
| ഡോ.ഷൈമ.എസ്.എം. | വെറ്ററിനറി സർജൻ | 1.4.15to 31.3.16 |
| ബീന.കെ.പി. | എച്ച്.എം | 1.4.15. to 18.5.15 |
| ലിസ്സി.ടി.എ. | എച്ച്.എം | 19.5.15 to 5.7.15 |
| സുധ എൻ.എം. | എച്ച്.എം | 6.7.15 to 31.3.16. |
| അൻസു അലക്സ് | വി.ഇ.ഒ. | 1.4.15 to 22.7.15 FN |
| മനേഷ് സി.കെ. | വി.ഇ.ഒ. | 22.7.15 to 31.3.16. |
| അഞ്ജലി.പി.കെ. | അസി.എഞ്ചിനിയർ | 1.4.15 to 31.3.16. |
| ഷീബ.എൻ നാലപ്പാട്ട്. | ഐ. സി.ഡി.എസ്. സൂപ്പർവൈസർ. | 1.4.15 to 31.3.16. |

| | | |
|---|---|---|
| അനില ടി.തെയ്യസഞ്ചേരി. | ഡയറി ഫാം ഇൻസ്ട്രക്ടർ | 1.4.15 to 31.3.16. |
| ജി. സബിത | അസിസ്റ്റന്റ് സെക്രട്ടറി | 01.04.15 to 18.08.15 |
| എം.ശാലിനി | അസിസ്റ്റന്റ് സെക്രട്ടറി | 19.08.15 to 31.03.16 |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |

| | | |
|---|---|---|
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം 2 | |
| 12 | സ്വകാര്യ ആശുപത്രി /പാരമെഡിക്കൽ സ്ഥാപനങ്ങൾ | 2-1 |
| 13 | ഡി.&ഒ ലൈലൻസ് | 2-2 |
| 14 | താല്ക്കാലിക റെസിഡൻഷ്യൽ സർട്ടിഫിക്കറ്റ് | 2-3 |
| | ഭാഗം 3 | |
| 15 | ഹോമിയോ ഡിസ്പൻസറിയ്ക്ക് മരുന്ന് വാങ്ങൽ | 3-1 |
| 16 | പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയില്ല് | 3-2 |
| 17 | പശ്ചിമഘട്ട നീർത്തട വികസനം | 3-3 |
| 18 | വനിത വ്യവസായ കേന്ദ്രം | 3-4 |
| 19 | ഭവന നിർമ്മാണം | 3-5 |
| 20 | പദ്ധതി പണം മുഴുവനായി വിനിയോഗിക്കാത്തത് സംബന്ധിച്ച് | 3-6 |
| 21 | പാലിയേറ്റിവ് | 3-7 |
| 22 | തൊഴിലുറപ്പ് പദ്ധതി. | 3-8 |
| | ഭാഗം 4 | |
| 23 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 24 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |

| | | |
|---|---|---|
| 25 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 26 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 27 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 28 | ഓഡിറ്റ് റിക്കവറി | 4-6 |
| 29 | ഓഡിറ്റ് പ്രത്യവലോകനം | 4-7 |
| 30 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-8 |
| 31 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം -1 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 28.03.2015 തിയതിയിലെ 33-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം പ്രതീക്ഷിക്കുന്ന വരവ് 181996456/- രൂപയും ചെലവ് 123658000/- രൂപയും ആണ്. 2015-16ൽ റിവൈസ്ഡ് ബജറ്റ് അവതരിപ്പിച്ച് കാണുന്നില്ല. യഥാർത്ഥ വരവു ചെലവു കണക്കുകളും ബജറ്റും തമ്മിൽ ഗണ്യമായ അന്തരമുണ്ട്. യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുംവിധം ബജറ്റ് തയ്യാറാക്കുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.07.2016 | 30.7.16. |

# 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

അക്കൗണ്ട്സ് അപാകത

1. നാളിതുവരെയുള്ള മുഴുവൻ ആസ്തികളുടേയും മൂല്യം നിർണ്ണയിച്ച് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.
2. വസ്തുനികുതി കളക്ഷൻ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.സഞ്ചയയിലെ മാപ്പിംഗ് പൂർണ്ണമാകാത്തതിനാൽ സാംഖ്യ റിപ്പോർട്ട് പ്രകാരമുള്ള വസ്തുനികുതി വരവിന്റെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1-ആയി ഉൾപ്പെടുത്തിയിട്ടുണ്ട്

# 1-4 സാമ്പത്തിക വിശകലനം

മുൻബാക്കി -28614200

വരവ് - 45520486

ആകെ -74134686

ചെലവ് - 56456807

നീക്കിയിരിപ്പ് - 17677879

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | ട്രാൻസ്ഫർ ക്രഡിറ്റ് | നീക്കി ബാക്കി (RP 40 b പ്രകാരം) |
|---|---|---|---|---|---|---|
| വികസന ഫണ്ട് | 2488918 | 3599470+ | 10736200 | 10736200 | - | 0 |

| | | | | | | |
|---|---|---|---|---|---|---|
| (ജനറൽ) | | 4647812 | | | | |
| വികസന ഫണ്ട്(എസ്.സി.പി) | 4434281 | 7026015 | 11460296 | 11260231 | 200065 | 0 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 40000 | 400000 | 40000 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) / (റോഡിതരം) | 1303729 | 9136978 | 10440707 | 10440707 | | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 2259341 | 5923660 | 8183001 | 6698207 | 1484794 | 0 |
| ലോക ബാങ്ക് സഹായം | 3098685 | 2810503 | 5909188 | 2946235 | 2962953 | 0 |

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 157 | 137 | 0 | 20 | 87.26 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| സെക്രട്ടറി | 28 | 19 | 4404253 | 3554871 | 80.71 |

| | | | | | |
|---|---|---|---|---|---|
| കൃഷി ഓഫിസർ | 2 | 2 | 1143000 | 1143000 | 100.00 |
| വെറ്ററിനറി സർജൻ | 3 | 3 | 923000 | 539000 | 58.40 |
| വി.ഇ.ഒ. | 11 | 11 | 3234509 | 3234509 | 100 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 3 | 3 | 1216900 | 1216900 | 100.00 |
| അസി.എഞ്ചിനിയർ | 96 | 85 | 30131708 | 27961611 | 92.8 |
| മെഡിക്കൽ ഓഫിസർ - പി.എച്ച്.സി | 1 | 1 | 200000 | 200000 | 100.00 |
| മെഡിക്കൽ ഓഫിസർ - ആയുർവേദം | 2 | 2 | 400000 | 400000 | 100.00 |
| മെഡിക്കൽ ഓഫിസർ - ഹോമിയോ | 1 | 1 | 100000 | 100000 | 100.00 |
| ഹെഡ്മാസ്റ്റർ | 1 | 1 | 100000 | 85091 | 85.09 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 300000 | 300000 | 100.00 |
| അസി.സെക്രട്ടറി | 8 | 8 | 3687180 | 3312180 | 89.83 |

| | | | | | |
|---|---|---|---|---|---|
| ആകെ | 157 | 137 | 45840550 | 41987162 | 91.59 |

# 1-7 തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 6124596.00 | 5624923 | (-)499673 | (-)8.16 |
| നികുതിയേതര വരവുകൾ | 360075.00 | 331034 | 29041 | (-)8.06 |
| മറ്റ് വരവുകൾ (ഇനം തിരിച്ച്) | 467806.65 | 420494 | 47312.65 | (-)10.11 |
| ആകെ | 6952477.65 | 6376451 | 57026.65 | (-)8.29 |

# 1-8 സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി.

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 163920 | 118 |
| കർഷകതൊഴിലാളി പെൻഷൻ | 4086120 | 562 |
| വിധവാപെൻഷൻ | 12347240 | 1311 |
| വാർദ്ധക്യകാലപെൻഷൻ | 10803570 | 683 |
| വികലാംഗപെൻഷൻ | 2324145 | 282 |
| 50വയസ്സായ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1067640 | 115 |
| വിവാഹധനസഹായം | 330000 | 12 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.10.2016, 3 P.M ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട

ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 2492/ രൂപയുടെ നീക്കിയിരിപ്പ് ഡേ ബുക്ക്, ക്യാഷ് ബുക്ക് എന്നിവയുമായി പൊരുത്തപ്പെടുന്നുണ്ട്.

## 1-10 ആഭ്യന്തര നിയന്ത്രണം

വസ്തുനികുതി കളക്ഷൻ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 17.10.16. | 8/16 മുതൽ 9/16 വരെ | ലഭിച്ചിട്ടില്ല | |
| 2 | അക്കൗണ്ടൻറ് ജനറലിൻെറ ഓഡിറ്റ് | 13.07.15. | 2010-11 മുതൽ 2014-15 വരെ | 10.9.2015 & 14.6.2016 | |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 സ്വകാര്യ ആശുപത്രി / പാരാമെഡിക്കൽ സ്ഥാപനങ്ങൾ ഡി. ആന്റ്.ഒ ലൈസൻസ് എടുത്തിട്ടില്ല.

താഴെ പറയുന്ന സ്വകാര്യ ആശുപത്രി / പാരാമെഡിക്കൽ സ്ഥാപനങ്ങൾ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്നുണ്ടെങ്കിലും ഡി. ആന്റ്.ഒ ലൈസൻസ് എടുത്തതായി കാണുന്നില്ല.

1. ആത്മ ആയുർവ്വേദിക് സെന്റർ

2. ജീവതു ആയുർവ്വേദിക് സെന്റർ

3. അന്ന ക്ലിനിക്കൽ ലാബോറട്ടറി

4. സാൻജോ സദൻ ആയുർവ്വേദ ചികിത്സാലയം

5. പേൾ സെന്റർ ക്ലിനിക്ക്

6. സേക്രഡ് ഹാർട്ട് ഹോസ്പിറ്റൽ

7.ഹോമിയോ ഹോം

കേരള പഞ്ചായത്ത് രാജ് ആക്ട് 232(1) വകുപ്പ് പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകൾക്കോ അപകടമോ അസഹ്യതയോ ഉണ്ടാകുന്നതോ ഉണ്ടാക്കാൻ സാധ്യതയുള്ളതോ ആയ കാര്യങ്ങൾക്ക് യാതൊരു സ്ഥലവും പഞ്ചായത്ത് നല്കുന്ന ലൈസൻസില്ലാതെ ഉപയോഗിക്കാൻ പാടില്ലാത്തതാകുന്നു.സ്വകാര്യ ആശുപത്രി / പാരാമെഡിക്കൽ സ്ഥാപനങ്ങൾ ഡി. ആന്റ്.ഒ ലൈസൻസ് എടുക്കുന്നതിനുള്ള നടപടി പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

## 2-2 ഡി.ആന്റ്.ഒ ലൈസൻസ് നൽകുന്നതിലെ അപാകത

1. അപേക്ഷ സ്വീകരിക്കുമ്പോൾ തന്നെ ലൈസൻസ് ഫീ ഈടാക്കുന്ന രീതിയാണ് പഞ്ചായത്ത് സ്വീകരിച്ചു വരുന്നത്. ഡിമാന്റ് തുക തന്നെ കളക്ട് ചെയ്യുന്നുണ്ടെങ്കിലും യഥാർത്ഥത്തിൽ ഇത്രയും സ്ഥാപനങ്ങൾക്ക് പഞ്ചായത്ത് ലൈസൻസ് അനുവദിച്ചിട്ടില്ല. ആവശ്യമായ രേഖകൾ ഹാജരാക്കാത്തതിനാൽ 80 ഓളം സ്ഥാപനങ്ങൾക്ക് 15-16 സാമ്പത്തിക വർഷം പഞ്ചായത്ത് ലൈസൻസ് നൽകിയിട്ടില്ല.
2. ബ്ലൂവാലി അക്വാ മിനറൽസ് , എ വൺ പ്ലാസ്റ്റിക്സ്, എ വൺ പോളിമേഴ്സ് എന്നീ സ്ഥാപനങ്ങൾക്ക് 30.06.2015 വരെ മാത്രമേ മലിനീകരണ നിയന്ത്രണ ബോർഡിന്റെ അംഗീകാരമുള്ളൂ. എന്നാൽ ഗ്രാമപഞ്ചായത്ത് 15-16 സാമ്പത്തിക വർഷത്തേയ്ക്ക് ലൈസൻസ് അനുവദിച്ചു കാണുന്നു.അനുബന്ധ രേഖകൾ പരിശോധിച്ച് ഉറപ്പാക്കിയ ശേഷം ലൈസൻസ് അനുവദിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## **2-3** താൽക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് നൽകൽ - തുടർ നിരീക്ഷണം നടത്തേണ്ടതാണ്.

സ.ഉ (എം.എസ്) നം. 351/2015/തസ്വഭവ തിയതി .9/02/2015 ഉത്തരവ് പ്രകാരം 100 ച.മീ വിസ്തീർണ്ണം വരെയുള്ള വാസഗൃഹങ്ങൾക്ക് ഗ്രാമപഞ്ചായത്ത് ' താൽക്കാലിക റസിഡൻഷ്യൽ ' സർട്ടിഫിക്കറ്റ് നൽകിവരുന്നു. ഇപ്രകാരം സർട്ടിഫിക്കറ്റ് നൽകിയ കെട്ടിടങ്ങൾ തുടർനിർമ്മാണം നടത്തുന്നുണ്ടോയെന്നും ആയത് കെട്ടിടനിർമ്മാണ ചട്ടങ്ങൾക്ക് വിധേയമായിട്ടാണോയെന്നും അധികൃതർ തുടർ നിരീക്ഷണം നടത്തി ഉറപ്പാക്കേണ്ടതാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## **3-1** ഹോമിയോ ഡിസ്പൻസറിയ്ക്ക് മരുന്ന് വാങ്ങൽ -മരുന്ന് ലഭ്യമായിട്ടില്ല.

പ്രോജക്റ്റ് നം. soo58/16

ട്രഷറി ബിൽ നം. 1/2015-16. dt.23.12.15. 100000/

ഡി.ഡി. നം. 715168. dt23.12.15. 100000/

ഹോമിയോ ഡിസ്പൻസറിയ്ക്ക് മരുന്ന് വാങ്ങുന്നതിനായി മേൽ ഡി.ഡി. പ്രകാരമുള്ള തുക കേരള സ്റ്റേറ്റ് ഹോമിയോപതിക് കോ-ഓപ്പറേറ്റിവ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ മരുന്ന് ടി സ്ഥാപനത്തിൽ നിന്നും ലഭിച്ചിട്ടില്ല. മരുന്ന് എത്രയും വേഗം ലഭിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതും മരുന്ന് ലഭിച്ച വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.അതുവരെ ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## **3-2** പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടല്ല.

2015-16 വർഷത്തിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ നടപ്പിലാക്കിയ താഴെപ്പറയുന്ന പദ്ധതികളുടെ പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

| പ്രോജക്റ്റിന്റെ പേര്, നം. | ട്രഷറി ബില്ല് നം.തിയതി,തുക | തുക നൽകിയിട്ടുള്ളത് | അപാകതകൾ |
|---|---|---|---|
| കുടുംബശ്രീ | 12/15-16. | ജില്ലാ കോഡിനേറ്റർ | വിനിയോഗ |

| | | | |
|---|---|---|---|
| -മിഡിയശ്രീ<br>so140/16 | 25.8.15.<br>65000/ | കുടുംബശ്രീ,തൃശ്ശൂർ | സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. |
| 16ാം വാർഡിൽ<br>കുടിവെള്ള പദ്ധതിയുടെ പൈപ്പ് ലൈൻ നീട്ടലും പൊതുടാപ്പ് സ്ഥാപിക്കലും<br>so141/16 | 2/2015-16.<br>30.6.15.<br>147600/ | കേരള വാട്ടർ അതോറിറ്റി,PH ഡിവിഷൻ,ഇരിങ്ങാലക്കട | പൂർത്തികരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. |

മുകളിൽ ആവശ്യപ്പെട്ട രേഖ ഹാജരാക്കാത്തതിനാൽ ചെലവ് തുക 212600/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-3 പശ്ചിമഘട്ട നീർത്തട വികസനം -ഗ്രാമ പഞ്ചായത്ത് വിഹിതം 2014-15 ചെലവ് രേഖകൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി.

പ്രോജക്ട് അടങ്കൽ - 3938000/

പ്രോജക്ട് നം. - soo62/16

'ട്രഷറി ബിൽ നം. -40/15-16 dt.22.3.16.125000/

'ട്രഷറി ബിൽ നം. -42/15-16 dt.28.3.16. 91937/

പശ്ചിമഘട്ട നീർത്തട വികസന പദ്ധതിയുടെ ഗ്രാമ പഞ്ചായത്ത് വിഹിതം 10% തൊമ്മാന പടിഞ്ഞാറെപാടം നീർത്തട പദ്ധതിയുടെ നടത്തിപ്പിനായി മേൽ ട്രഷറി ബിൽ വഴി പിൻവലിച്ച തുക വേളൂക്കര ഗ്രാമപഞ്ചായത്ത് കൃഷി ഓഫിസർ മുഖേന കൺവിനർ , തൊമ്മാന പടിഞ്ഞാറെപാടം നീർത്തട പദ്ധതിയ്ക്ക് നൽകിയിട്ടുണ്ട്.എന്നാൽ പ്രവൃത്തിയുടെ ചെലവ് രേഖകൾ,വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല.ഓഡിറ്റ്

എൻക്വയറിയ്ക്കുള്ള മറുപടിയ്ക്ക് വേളൂക്കര കൃഷി ഓഫീസറിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം വാങ്ങി നല്കിയിട്ടുണ്ടെങ്കിലും 10% പഞ്ചായത്ത് വിഹിതം ചെലവഴിച്ചതിന്റെ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. ആയതിനാൽ പഞ്ചായത്ത് വിഹിതമിനത്തിൽ ചെലവഴിച്ച 216937/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 വനിതാവ്യവസായകേന്ദ്രം - ഷെഡ്ഡുകൾ പ്രവർത്തനരഹിതമായി കിടക്കുന്നു.

പ്രോജക്റ്റിന്റെ പേര്- വനിതാ വ്യവസായ കേന്ദ്രത്തിൽ ഷെഡ് നിർമ്മാണം.

പ്രോജക്റ്റ് നം. SO 130/15

ഫണ്ട്- എസ്.സി.പി.

അടങ്കൽ – 1500000

ചെലവ് – 1498348

ബിൽ നം.- 64/16 തിയ്യതി 11.02.16.

ഡി.ഡി.നം. - 717089/ 17.2.16.

നിർവ്വഹണ ഉദ്യോഗസ്ഥൻ- അസിസ്ററൻറ് എൻജിനീയർ

മേൽ പ്രോജക്റ്റ് പ്രകാരം നിർമ്മിച്ച വനിതാ വ്യവസായകേന്ദ്രത്തിലേ ഷെഡ് വൈദ്യുതി , വെള്ളം എന്നിവ ലഭ്യമാക്കി പ്രവർത്തനസജ്ജമാക്കാതെ പൂട്ടിയിട്ടിരിക്കുന്നതായി 28-10-16ൽ ഓഡിറ്റ് ടീം , അസിസ്റ്റന്റ് എൻജിനീയർ, ഓവർസീയർ എന്നിവരുമായി ചേർന്ന് നടത്തിയ സംയുക്ത പരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്. 12.01.2016 ൽ കെട്ടിടം പണി പൂർത്തികരിച്ചിട്ടുണ്ടെങ്കിലും പ്രവർത്തനരഹിതമായി ഇട്ടിരിക്കുന്നതിനെ സംബന്ധിച്ച് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അതുപോലെ 2014-15 ൽ പൂർത്തികരിച്ച വനിതാ വ്യവസായ കേന്ദ്രത്തിലെ വേറൊരു ഷെഡ്ഡ് വൈദ്യുതിയും വെള്ളവും ലഭ്യമാക്കാത്തതിനാൽ പ്രവർത്തിപ്പിക്കാതെ പൂട്ടിയിട്ടിരിക്കുന്നതായി കണ്ടു. വ്യവസായ കേന്ദ്രം പ്രവർത്തിയ്ക്കാത്തിന്റെ കാരണം വിശദമാക്കേണ്ടതും ആയതു എത്രയും വേഗം പ്രവർത്തനക്ഷമമാക്കുന്നതിനുള്ള ക്രിയാത്മക നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-5 ഭവന നിർമ്മാണത്തിന് പണം നൽകുമ്പോൾ ഉടമസ്ഥാവകാശം ഉറപ്പ് വരുത്തേണ്ടതാണ്

ഈ സാമ്പത്തിക വർഷം നടപ്പിലാക്കിയ പ്രൊജക്റ്റ് നമ്പർ 108/16 - ഭിന്നശേഷിയുള്ളവർക്ക് ഭവനനിർമ്മാണം എന്ന പൊജക്റ്റിൽ ശ്രീമതി രജിത.എ.എസ് എന്ന വ്യക്തിക്ക് രണ്ട്

ലക്ഷം രൂപ നൽകുകയും ഭവന നിർമ്മാണ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

എന്നാൽ ഭവനം സ്ഥിതി ചെയ്യുന്ന വസ്തുവിൻറെ ഉടമസ്ഥാവകാശം ആധാരം നമ്പർ-1834/1983 മുരിയാട് വില്ലേജ് സർവ്വെ നമ്പർ-332, സബ് ഡിവിഷൻ നമ്പർ-11 പ്രകാരം ഈ വ്യക്തിയുടെ മാതാവ് മണി സുബ്രഹ്മണ്യത്തിൻറ പേരിലാണ്.

ഭവന നിർമ്മാണത്തിന് പണം ലഭിച്ച വ്യക്തിക്ക് വിവാഹം കഴിഞ്ഞ മറ്റൊരു സഹോദരി കൂടിയുള്ളതാണ്. ആയതിനാൽ മാതാവ് മണി സുബ്രഹ്മണ്യത്തിൻറെ കാലശേഷം വസ്തുവിനെയും ഭവനത്തേയും സംബന്ധിച്ച് അവകാശതർക്കങ്ങൾക്ക് സാദ്ധ്യതയുണ്ട്.

ആയതിനാൽ ഈ പദ്ധതികളിലൂടെ പഞ്ചായത്ത് പണം നൽകുമ്പോൾ വസ്തുവിൻറെ ഉടമസ്ഥാവകാശം ഉറപ്പുവരുത്തണമെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

# 3-6 പദ്ധതി പണം മുഴുവനായി വിനിയോഗിക്കുന്നത് സംബന്ധിച്ച്

ഈ സാമ്പത്തിക വർഷത്തെ പട്ടികജാതിക്കാർക്കുള്ള ആശ്രയ ഭവന നിർമ്മാണ പദ്ധതി S0053/16 പ്രകാരം 2 പേർക്ക് മൂന്ന് ലക്ഷം വീതം 6 ലക്ഷം രൂപയാണ് വകയിരിത്തിയിരുന്നത്. ആയതിനാൽ ഒരു ഗുണഭോക്താവ് പണി മുഴുവനായി പൂർത്തികരിച്ച് 3 ലക്ഷം കൈപ്പറ്റിട്ടുണ്ട്. എന്നാൽ രണ്ടാമത്തെ ഗുണഭോക്താവിന് പണം നൽകിയതായി കാണുന്നില്ല. ഇതിനെകുറിച്ച് ആരാഞ്ഞുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറി 6 ന് ലഭിച്ച മറുപടി തൃപ്തികരമാണെങ്കിലും സമൂഹത്തിലെ ഏറ്റവും അശരണരും നിരാലംബരുമായവരുടെ ക്ഷേമത്തിനായി നടപ്പിലാക്കുന്ന പദ്ധതികളുടെ കാര്യത്തിൽ വളരെയധികം ജാഗ്രത പുലർത്തണമെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

# 3-7 പഞ്ചായത്തിൽ നടപ്പിലാക്കിയ പാലിയേറ്റീവ് കെയർ പദ്ധതിയെക്കുറിച്ച്

സർക്കാർ ഉത്തരവ് ജി.ഒ(ആർ.ടി) 3217/2015/ ത.സ്വ.ഭ.വ 29.10.15 പ്രകാരം പാലിയേറ്റീവ് കെയർ പ്രൊജക്ടിന്റെ നടത്തിപ്പിനും മേൽ നോട്ടം വഹിക്കുന്നതിനും വേണ്ടി പാലിയേറ്റീവ് മാനേജ്മെൻറ് കമ്മിറ്റി , പാലിയേറ്റീവ് നിർവ്വഹണ കമ്മിറ്റി എന്നിവ രൂപീകരിക്കുകയും കമ്മിറ്റി മിനിട്സ് ബുക്ക് സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്.

ഈ പദ്ധതിപ്രകാരം അർഹരായവരുടെയും അവർക്ക് നൽകിയ സേവനങ്ങളുടെയും വിശദാംശങ്ങൾ ഹാജരാക്കുവാൻ ഓഡിറ്റ് എൻക്വയറി 8 ലൂടെ ആവശ്യപ്പെട്ടെങ്കിലും മറുപടി ഹാജരാക്കുകയുണ്ടായില്ല.

ആയതിനാൽ ഈ പദ്ധതിയുടെ നടത്തിപ്പിൽ പഞ്ചായത്ത് ഭരണ സമിതി കൂടുതൽ സൂക്ഷ്മതയും ജാഗ്രതയും പുലർത്തണമെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു. വിശദാംശങ്ങൾ ലഭ്യമാക്കാത്തതിന്റെ കാരണം വിശദമാക്കേണ്ടതും, ആയത് പരിശോധനയ്ക്ക്

ലഭ്യമാക്കേണ്ടതുമാണ്.

## 3-8 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

2015-16 വർഷം തൊഴിലുറപ്പ് പദ്ധതിക്കായി ആകെ രജിസ്റ്റർ ചെയ്ത 3210 കുടുംബങ്ങൾക്കും തൊഴിൽ കാർഡ് ലഭിച്ചിട്ടുണ്ട്. എന്നാൽ ഇതിൽ 1076 കുടുംബങ്ങൾക്ക് മാത്രമെ തൊഴിൽ ലഭിച്ചിട്ടുള്ളു. അതിൽ തന്നെ 100 ദിവസം തൊഴിൽ ലഭിച്ചത് 245 കുടുംബങ്ങൾക്കാണ്. തൻവർഷം സൃഷ്ടിച്ച സ്ഥിരം ആസ്തികളുടെ എണ്ണം 29 (കിണറുകൾ) ആണ്. തൻവർഷം 84,45,221 പ്രകാരം ടി പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്. ആകെ അടങ്കൽ 3,70,93,254 രൂപയാണ്.

രജിസ്റ്റർ ചെയ്ത മുഴുവൻ കുടുംബങ്ങൾക്ക് തൊഴിൽ നൽകുന്നതിനും അതുപോലെ കൂടുതൽ പേർക്ക് 100 ദിവസം തൊഴിൽ നൽകാനും പര്യാപ്തമായ രീതിയിൽ പ്രൊജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്.നം. | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | 50000 | ബാലസഭ | - | 50000 |
| | 100000 | പെയിൻ& പാലിയേറ്റിവ് | 100000 | Nil |
| | 75000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 75000 | Nil |

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ ചെക്ക് നമ്പർ | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച | ബാക്കി തുക |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | | | വിവരം | |
| കേരള വാട്ടർ അതോറിറ്റി | 3ാം വാർഡ്കുടി വെള്ള പദ്ധതിയുടെ പൈപ്പ് ലൈൻ നീട്ടലും, പൊതു ടാപ്പ് സ്ഥാപിക്കലും | 618559/ 26.6.2015 | 253800 | 194247 | പൂർത്തീ കരിച്ചു | 59553/-രൂപ രൂപ R.O.P ആയി അടച്ചു |
| -ടി- | 16 ാം വാർഡ് കുടി വെള്ള പദ്ധതിയുടെ പൈപ്പ് ലൈൻ നീട്ടലും, പൊതു ടാപ്പ് സ്ഥാപിക്കലും | 618550/ 26.6.2015 | 147600 | 0 | പൂർത്തീ കരണ സാക്ഷ്യ പത്രം ഹാജരാ ക്കിയി ട്ടില്ല. | 147600 |
| നിർമ്മിതി കേന്ദ്ര | ഊരകം അംബേദ്ക്കർ സ്റേറഡിയം 2-ാം ഘട്ട നിർമ്മാണം | - | 213000 | 213000 | പൂർത്തീ കരിച്ചു. | 0 |

| | | | | | | |
|---|---|---|---|---|---|---|
| K.S.E.B. | വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 612087/7.4.15<br>612088/7.4.16 | 163400<br>687380 | 163400<br>687380 | | 0<br>0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവിന്റെ വിവരം.

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം 6785/ രൂപ ഈടാക്കിയിട്ടുണ്ട്

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും/ഉദ്യോഗ പേരും | രസിത് നം.<br>തിയതി. |
|---|---|---|---|---|
| 2011-12 | 3-2 | 180 | തങ്കച്ചൻ മുൻ സെക്രട്ടറി | 11505100374<br>21.4.2015 |
| 1996-97 | 38 a | 1612 | മിനി കെ,സെക്രട്ടറി,ആളൂർ ഗ്രാമ പഞ്ചായത്ത് | 11505104393<br>22.1.2016 |

| | | | | |
|---|---|---|---|---|
| 1998-1999 | 20 | 19 | അന്നമ്മ ചെറുപറമ്പിൽ സെക്രട്ടറി മുരിയാട് ഗ്രാമ പഞ്ചായത്ത് | 11505104646 6.2.16. |
| 1998-1999 | 23 | 300 | അന്നമ്മ ചെറുപറമ്പിൽ സെക്രട്ടറി മുരിയാട് ഗ്രാമ പഞ്ചായത്ത് | 11505104647 6.2.16 |
| 1998-99 | 2a&b | 43 | അന്നമ്മ ചെറുപറമ്പിൽ സെക്രട്ടറി മുരിയാട് ഗ്രാമ പഞ്ചായത്ത് | 11505104648 6.2.16 |
| 1996-97 | 42 | 196 | പി.കെ.പാപ്പച്ചൻ | 115005104649 6.2.16 |
| 1999-2000 | 2-19 | 250 | ജോസ് തോമസ് | 11505104653 6.2.16 |
| 1996-97 | 42 | 314 | സി.എൽ. പൗലോസ് | 1105104650 6.2.16. |
| 1998-99 | 8 | 88 | സെക്രട്ടറി മുരിയാട് ഗ്രാമ പഞ്ചായത്ത് | 11505104722 6.2.16 |
| 1999-2000 | 45 | 383 | സൂശീല അഡി.കൃഷി ഡയറക്ടർ | 11505104641 6.2.16 |
| 2011-12 | 3-4 | 3400 | എൽ ശാന്തി ഹെഡ് ക്ലാർക്ക് | 115210001 6.2.16. |

## 4-7 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 45520486 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 56456807 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 529537 |

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| | ഇല്ല | | |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 100000 | ഡോ. റീന മാത്യു,<br>മെഡിക്കൽ ഓഫീസർ, ഹോമിയോപതി |
| 3-2 | 212600 | ശ്രീ. പി.ആർ. ഉല്ലാസ്, സെക്രട്ടറി. |
| 3-3 | 216937 | -ടി- |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| | ഇല്ല | |

# 4-8 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1994-95 1995-96 | കെ.എസ്.എ.ടി.എസ്.ആർ.പി.7-260/16 തീയ്യതി 27.2.2016/4.5.2016 ലെ ഓഡിറ്റ് അദാലത്ത് റിപ്പോർട്ട് | |
| 96-97 | | |
| 97-98 | | |
| 98-99 | | |
| 99-00 | | |
| 00-01 | എൽ.എഫ്.ടി.9-194/04/11.3.04 | |
| 01-02 | എൽ.എഫ്.ടി.9-1645/04/1.3.05/7.7.05 | |
| 00-01-01-02 | എൽ.എഫ്.ടി.9-1730/03/20.2.04 | |
| 02-03 | എൽ.എഫ്.ടി.16-1070/05/5.4.06 | |
| 03-04 | എൽ.എഫ്.ടി.16-1894/06/8.2.07 | |
| 04-05 | എൽ.എഫ്.ടി.16-63/09/15.12.09 | |

| | | |
|---|---|---|
| 05-06 | എൽ.എഫ്.ടി.16-1764/09/21.12.10 | |
| 06-07 | എൽ.എഫ്.ടി.16-1765/09/21.12.10 | |
| 07-08 | എൽ.എഫ്.ടി.പി.3-1919/11/25.2.12 | |
| 08-09 | എൽ.എഫ്.ടി.പി.3-1913/11/25.2.12 | |
| 09-10,10-11 | എൽ.എഫ്.ടി.പി.3-1641/2012/05.3.13 | |
| 11-12 | എൽ.എഫ്.ടി.പി.7-971/2013/22.11.13 | |
| 12-13 | എൽ.എഫ്.ടി.പി.7-380/14/16.9.14 | |
| 13-14 | കെ.എസ്.എ.ടി.എസ്.ആർ പി7- 1273/15 /4.11.15/16.11.15 | |
| 14-15 | കെ.എസ്.എ.ടി.എസ്.ആർ പി7-998/16 /23.06.2016 | |

ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.ടി.എസ്.ആർ(പി7 )1941/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

PIN 680 020

തിയ്യതി 22.11.2016

Ph.No. 0487-2331249

e-mail : dotsr.ksad@kerala.gov.in

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ മുരിയാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റുമെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മുരിയാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ.

No.KSA-TSR(P7)1941/16

Office of the Joint Director of

Kerala State Audit Department,

District Audit Office, Thrissur

PIN 680 020 Dated 22.11.2016

Ph.No. 0487-2331249

e-mail : dotsr.ksad@kerala.gov.in

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Muriyad Grama panchayath in Thrissur District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the Rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Muriyad Grama Panchcyath for the year 2015-16, except the observations in my Audit Report properly presents the picture of income and expenditure.

Deputy Director

District Audit Office,